# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2889 — 17/10/2016-ൽ മറുപടിക്ക്

## ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാജൻ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിറ്റ എത്ര സ്ഥാപനങ്ങൾക്കെതിരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളും കാലാവധിയിലുടനീളം നിശ്ചിത ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി റാന്റം സാംപ്ളിങ്ങ് നടത്തുകയും ആയതിൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെ വിശദാംശങ്ങൾ മൊത്ത/ചില്ലറ വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് ആരോഗ്യ മേഖലയിലുള്ളവർക്കും ലഭ്യമാക്കി ഇവയുടെ തുടർവിപണനം തടയുന്നതിനുള്ള സത്വരനടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 2016-ൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്ത 46 നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളും 23 നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചുകഴിഞ്ഞു. |
| ബി) | ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) | ഗുണനിലവാരം കുറഞ്ഞ മരുന്നുകളെ major/minor defects കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ major defects ആയി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്ക് എതിരെ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. Minor defects ആയി റിപ്പോർട്ട്ചെയ്യപ്പെടുന്ന നിർമ്മാതാക്കളോട് വിശദീകരണം ആവശ്യപ്പെടുകയും തുടർ അന്വേഷണം നടത്തി ഇവർക്ക് എതിരെ ലൈസൻസ് സസ്പെൻഷൻ, കാൻസലേഷൻ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ